**കേരള സർക്കാർ**

സംഗ്രഹം

**തദ്ദേശ സ്വയംഭരണ വകുപ്പ് - നിർത്തലാക്കിയതും നിലവിലുള്ളതുമായ വികസന അതോറിറ്റികളിൽ നിന്നും എൽ.ഐ.ജി., എം.ഐ.ജി., എച്ച്.ഐ.ജി. വിഭാഗത്തിൽ ഭവന വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ള ഗുണഭോക്താക്കൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിശ്ശിക തീർക്കുന്നതിന് നൽകിയ അനുമതിയുടെ കാലാവധി മൂന്നുമാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ)നം.3493/10/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി: 06/11/2010.**

---

പരാമർശം:- (1) 07.08.2010-ലെ സ.ഉ.(സാധാ) നമ്പർ 2614/2010/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

(2) 02.09.2010-ലെ 51523/ഐ.എ3/10/തസ്വഭവ നമ്പർ സർക്കാർ കത്ത്

**<u>ഉത്തരവ്</u>**

എൽ.ഐ.ജി, എം.ഐ.ജി, എച്ച്.ഐ.ജി വിഭാഗത്തിൽപ്പെടുത്തി നിർത്തലാക്കിയതും നിലവിലുള്ളതുമായ വികസന അതോറിറ്റികളിൽ നിന്നും ഭവന വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ള ഗുണഭോക്താക്കൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം വായ്പാകുടിശ്ശിക തീർക്കുന്നതിന് പ്രത്യേക ആനുകൂല്യമെന്ന നിലയിൽ എൽ.ഐ.ജി വിഭാഗത്തിൽപ്പെട്ടവർക്ക് പിഴപ്പലിശ പൂർണ്ണമായും ഇളവുചെയ്തുകൊണ്ടും എം.ഐ.ജി, എച്ച്.ഐ.ജി വിഭാഗക്കാർക്ക് പിഴപ്പലിശയുടെ 50% ഇളവു നൽകികൊണ്ടും കുടിശ്ശിക തീർക്കുന്നതിന് പരാമർശിത ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. കൂടാതെ ഈ പദ്ധതിയുടെ ആനുകൂല്യം ഉത്തരവ് തീയതി മുതൽ മൂന്ന് മാസത്തേക്ക് മാത്രമേ പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ എന്നും ഉത്തരവായിരുന്നു. ആയതനുസരിച്ച് മേൽ ഉത്തരവിന്റെ പ്രാബല്യം 06.11.2010-ൽ അവസാനിക്കുന്നതാണ്.

കുടിശ്ശിക പിരിച്ചെടുക്കുന്നത് കാര്യക്ഷമമാക്കുവാനും സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ഗുണഭോക്താക്കൾക്ക് കുടിശ്ശിക നിവാരണ പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്തുവാനും പറ്റുന്നവിധത്തിൽ പരാമർശിത സർക്കാർ ഉത്തരവുപ്രകാരം എൽ.ഐ.ജി., എം.ഐ.ജി., എച്ച്.ഐ.ജി. വിഭാഗക്കാർക്ക് അനുവദിച്ചിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി 3 മാസത്തേയ്ക്കുകൂടി (07.11.2010 മുതൽ 06.02.2011 വരെ) ദീർഘിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനമേധാവികൾ ഇക്കാര്യം സംബന്ധിച്ച് ആവശ്യമായ പ്രചാരണം നൽകി കുടിശ്ശിക നിവാരണ പദ്ധതി നടപ്പാക്കുന്നതിനും എല്ലാ കുടിശ്ശികക്കാരെയും രേഖാമൂലം വിവരം **അറിയിക്കുന്നതിനും സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.**

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
പി.ശ്യാമള
**ജോയിന്റ് സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
**പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.**
**എല്ലാപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ** മുഖാന്തിരം)
സെക്രട്ടറി, ജിസിഡിഎ, കൊച്ചി.
സെക്രട്ടറി, ട്രിഡ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള നഗര ഗ്രാമവികസന ധനകാര്യ കോർപ്പറേഷൻ.
**സെക്രട്ടറി, കൊല്ലം / തൃശൂർ / കോഴിക്കോട് കോർപ്പറേഷൻ (വികസന വിഭാഗം)**
സെക്രട്ടറി, ആലപ്പുഴ, കോട്ടയം, കണ്ണൂർ, കാസർഗോഡ്, പാലക്കാട്, നഗരസഭകൾ, (നഗരകാര്യഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, ഇടുക്കി ജില്ലാപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.
**അക്കൗണ്ടന്റ് ജനറൽ (എ &ഇ),കേരള, തിരുവനന്തപുരം.**
ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പ് (പത്രമാധ്യമങ്ങളിലൂടെ പ്രചാരണം നൽകുന്നതിന്)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം
**(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)**
**കരുതൽ ഫയൽ/ഓഫീസ് കോപ്പി.**

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി..എയ്ക്ക്.